DESPATCHED
On.17/3/22



18/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 5(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 53/SIC-G4/2022)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 15**

ശ്രീ. രഞ്ജിത് എം. ദാസ്,
രഞ്ജിത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം - 695 541.
— അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
ആര്യനാട് പോലീസ് സ്റ്റേഷൻ,
ആര്യനാട്, തിരുവനന്തപുരം.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കാട്ടാക്കട, തിരുവനന്തപുരം.
— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 31/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/01/2022 |

## ഉത്തരവ്

ശ്രീ. രഞ്ജിത് എം.ദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും ഒന്നാം അപ്പീൽ അപേക്ഷയിലും ടിയാൻ ആവശ്യപ്പെട്ട വിവരം നിഷേധിച്ചിരിക്കുകയാണെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീജിത്ത് കെ.ജെ. എന്ന വ്യക്തിയുടെ പേരിൽ ടി സ്റ്റേഷനിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ ശരിപ്പകർപ്പ് നൽകണമെന്നും

ii. ശ്രീജിത്ത് കെ.ജെ. എന്ന വ്യക്തിയുടെ പേരിൽ ടി സ്റ്റേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള കേസുകളുടെ ശരിപ്പകർപ്പ്? എഫ്.ഐ.ആർ.ന്റെ പകർപ്പ് എന്നിവ നൽകണമെന്നും

iii. ശ്രീജിത്ത് കെ.ജെ. എന്ന വ്യക്തിയുടെ പേരിൽ ടി സ്റ്റേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള ഒത്തുതീർപ്പായ പരാതികളുടെ ശരിപ്പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 25.8.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരം സ്റ്റേഷനിൽ ഹാജരായി രജിസ്റ്ററുകൾ പരിശോധിച്ച് കളക്ട് ചെയ്യാവുന്നതാണെന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 30.10.2021 തീയതി മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 24.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 30.9.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 30.10.2021 തീയതി ആര്യനാട് പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 30.10.2021–ന് ടി കാര്യാലയത്തിൽ നിന്നും സമയബന്ധിതമായി മറുപടി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്.

5. ഒന്നാം എതിർകക്ഷി 26.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ആര്യനാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശ്രീ.രഞ്ജിത് എം.ദാസ് 25.7.2021 തീയതി തപാൽ മുഖേന വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ 29.7.2021–ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിൽ ശ്രീജിത്ത് കെ.ജെ. എന്ന വ്യക്തിയുടെ മേൽവിലാസമോ പരാതി നൽകിയത് ഏത് കാലയളവിനുള്ളിൽ ആണെന്നോ ഉള്ള വ്യക്തത നൽകിയിട്ടില്ലെന്നും ശ്രീ. രഞ്ജിത്ത് എം.ദാസ് നൽകിയ അപേക്ഷയിന്മേൽ ടിയാന് സ്റ്റേഷനിൽ വന്ന് സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നുള്ള മറുപടി 25.8.2021–ന് അയച്ചിട്ടുള്ളതാണെന്നും തുടർന്ന് ടിയാൻ സ്റ്റേഷനിൽ ഹാജരായി സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ചിട്ടുള്ളതുമാണെന്നും സ്റ്റേഷനിൽ ഓരോ ദിവസവും നൂറു കണക്കിന് പരാതികൾ ലഭിക്കുന്നതാണെന്നും ശ്രീ. രഞ്ജിത്ത് എം.ദാസ് നൽകിയ അപേക്ഷ വ്യക്തതയില്ലാത്തതാണെന്നും വ്യക്തത വരുത്തി അപേക്ഷ തരുന്നപക്ഷം

നിശ്ചിത കാലയളവിനുള്ളിൽ ടിയാന് ആവശ്യമായ വിവരങ്ങൾ നൽകുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൽ ശ്രീ. ശ്രീജിത്ത് കെ.ജെ. എന്ന വ്യക്തിയുടെ പേരിൽ ലഭിച്ച പരാതികൾ സംബന്ധിച്ച വിവരങ്ങളാണ് 6 ഇനങ്ങളിലായി ആവശ്യപ്പെട്ടിരിക്കുന്നത് എന്നും ടി അപേക്ഷയിൽ ശ്രീ. ശ്രീജിത്ത് കെ.ജെ.യുടെ വിലാസമോ, ടിയാനെതിരെ എന്ന് കൊടുത്ത പരാതിയാണെന്നോ, ഏത് കാലഘട്ടത്തിലെ വിവരമാണ് ആവശ്യമുള്ളതെന്നോ ടിയാനെതിരെയുള്ള കേസ് നമ്പർ എത്രയെന്നോ ഉള്ള വിവരം രേഖപ്പെടുത്താതെയാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളത് എന്നും കാണുന്നു. ഇക്കാരണത്താൽ ഹർജിക്കാരനോട് സ്റ്റേഷനിൽ നേരിട്ട് ചെന്ന് സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ച് വിവരം ശേഖരിക്കാവുന്നതാണെന്ന മറുപടി എസ്.പി.ഐ.ഒ. നൽകിയതിൽ അപാകതയുള്ളതായി കാണുന്നില്ല. മറുപടി കണ്ടെത്തി നൽകുന്നതിന് ആവശ്യമായ വിവരം അടങ്ങിയ വ്യക്തമായ അപേക്ഷ നൽകാതെ സാങ്കൽപ്പിക ചോദ്യങ്ങൾക്ക് മറുപടി കണ്ട് പിടിച്ച് നൽകാൻ ശ്രമിച്ചാൽ അത് എതിർകക്ഷി സ്ഥാപനത്തിൽ നിന്നും പെതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ തടസ്സപ്പെടുത്തുവാൻ ഇടയാകും എന്നതിനാൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ സ്റ്റേഷൻ റിക്കോർഡുകൾ നേരിട്ട് പരിശോധിച്ച് അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം കണ്ടെത്തുന്നതിനുള്ള സൗകര്യം ഒരിക്കൽ കൂടി ഒന്നാം എതിർകക്ഷി ഹർജിക്കാരന് അനുവദിക്കണമെന്നും അല്ലാത്തപക്ഷം എതിർകക്ഷി അറിയിച്ച പ്രകാരം ഹർജിക്കാരന് ആവശ്യമായ വിവരം കണ്ടെത്തുന്നതിന് സഹായകരമായ ശ്രീ. ശ്രീജിത്ത് കെ.ജെ എന്ന വ്യക്തിയുടെ വിലാസം, ഏത് കാലയളവിലെ പരാതി സംബന്ധിച്ച വിവരമാണ് ആവശ്യമുള്ളത്, കേസ് നമ്പർ എന്നിവ വ്യക്തമാക്കിയുള്ള അപേക്ഷ ഒരിക്കൽ കൂടി നൽകുകയോ ചെയ്യേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. രണ്ടാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തി, മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 15-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി